**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2174** **05-02-2026-ൽ മറുപടിയ്ക്ക്**

## <u>ഡയാലിസിസ് യൂണിറ്റുകൾ</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എത്ര ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 21.09.2016 ലെ സ.ഉ(സാധാ) 2587/2016/ആകുവ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള 44 ആശുപത്രികളെ കിഫ്ബി പദ്ധതി വഴി ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനായി തിരഞ്ഞെടുത്തിരുന്നു. തുടർന്ന് 28.05.2019 ലെ സ.ഉ(സാധാ) 1277/2019/ആകുവ പ്രകാരം 22 സ്ഥാപനങ്ങൾക്ക്(പുതുതായി 15 സ്ഥാപനങ്ങൾക്കും കൂടി) ആകെ 100 ഡയാലിസിസ് മെഷിനുകൾ സ്ഥാപിക്കുന്നതിന് ഉത്തരവായിരുന്നു. ഇത് കൂടാതെ പ്രത്യേകമായി കിഫ്ബി അനുമതി ലഭിച്ച ടി.എച്ച്.ക്യൂ.എച്ച് ചിറയിൻകീഴ്, താലൂക്ക് ആസ്ഥാന ആശുപത്രി ചെട്ടിക്കാട് താലൂക്ക് ഹോസ്പിറ്റൽ, സുൽത്താൻ ബത്തേരി എന്നീ സ്ഥാപനങ്ങളിലും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**